(എഫ്) ഇത് സംബന്ധിച്ച് ലോകബാങ്ക് വച്ചിട്ടുള്ള കരാർ പ്രകാരമുള്ള വ്യവസ്ഥകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ബന്ധപ്പെട്ട കരാറിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) ലോകബാങ്ക് പുനർവാസ പുനരധിവാസ വ്യവസ്ഥകൾ പാലിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ വ്യവസ്ഥകൾ 2000 ആഗസ്റ്റിൽ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്.

(ബി) വ്യവസ്ഥ ഉണ്ടായിട്ടുണ്ട്. പരിഹാരത്തിനായി Grievance Redressal Committee ജില്ലാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുണ്ട്. അതിൽ എം.പി., എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് തുടങ്ങിയ ജനപ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) വയനാടും കോഴിക്കോടും ഒഴികെയുള്ള ജില്ലകളിൽ കമ്മിറ്റികൾ നിലവിൽ വന്നിട്ടുണ്ട്.

(ഡി) പരാതികൾ ലഭിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിൽ നിന്നും ഒഴിവാക്കുന്നതിനും ഭൂമിവില വർദ്ധിപ്പിച്ചു കിട്ടുന്നതിനുമുള്ള പരാതികളാണ് കൂടുതലും ഉള്ളത്. പരാതികൾ പരിശോധിച്ച് യുക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പുറംപോക്കിൽ താമസിക്കുന്നവർക്ക് പുനർവാസ പുനരധിവാസ നയ രൂപരേഖയനുസരിച്ച് അർഹമായ സഹായം നൽകുന്നതിനുള്ള നടപടികൾ നടത്തി വരുന്നു.

(എഫ്) പ്രധാന വ്യവസ്ഥകൾ:

1. പുറമ്പോക്ക് സ്ഥലത്ത് നിന്ന് ഒഴിപ്പിക്കുന്നവർക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം.
2. കെട്ടിടത്തിന്റെ വിലയും പുനഃസ്ഥാപന മൂല്യവും ആവശ്യം വരുന്ന കുടുംബങ്ങൾക്ക് ആറ് മാസം വരെ വീടു വാടകയ്ക്കുള്ള സഹായവും ലഭ്യമാണ്. ബന്ധപ്പെട്ട നയ രൂപരേഖയുടെ പകർപ്പ് ഹാജരാക്കുന്നു. †

എക്സ്പ്രസ്സ് ഹൈവേ പദ്ധതിക്കായി ചെലവഴിച്ച തുക

123 [2194] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ്പ്രസ്സ് ഹൈവേ പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് പൂർത്തീകരിച്ചോ എന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുക ഇനംതിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിശദമായ പദ്ധതി രൂപരേഖ ഉണ്ടാക്കിയ ശേഷമേ സ്ഥലമെടുപ്പ് തുടങ്ങാനാകൂ.

(ബി) ഈ പദ്ധതിയുടെ പ്രവർത്തനത്തിനുവേണ്ടി മുൻ സർക്കാരിന്റെ ഭരണകാലത്ത് Strategic Option Study-യ്ക്കുവേണ്ടി കേന്ദ്ര സർക്കാർ ഏജൻസിയായ RITES-ന് 27,56,038 രൂപയും അതിനെത്തുടർന്ന് പ്രാഥമിക പഠനത്തിനുവേണ്ടി FEED BACK H & C Integrated എന്ന Consulting Firm-ന് 31,48,493 രൂപയും നൽകിയിട്ടുണ്ട്. തുടർന്ന് കേരള റോഡ് ഫണ്ട് ബോർഡിൽ നിന്നും 1,03,00,000 രൂപ ചെലവാക്കി.

എക്സ്പ്രസ്സ് ഹൈവേയും നെൽപ്പാടങ്ങളും

124 [2195] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട എക്സ്പ്രസ്സ് ഹൈവേ നിർമ്മിക്കപ്പെടുമ്പോൾ കേരളത്തിൽ എന്തുമാത്രം നെൽപ്പാടങ്ങൾ ഇല്ലാതാകും എന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) എക്സ്പ്രസ്സ് ഹൈവേയുടെ നിർമ്മാണംമൂലം കേരളത്തിലെ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഭജിക്കപ്പെടും എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) നിർദ്ദിഷ്ട എക്സ്പ്രസ്സ് ഹൈവേ സംബന്ധിച്ച വിശദമായ പദ്ധതി പഠനവും രൂപരേഖ തയ്യാറാക്കലും പൂർത്തിയായതിനുശേഷമേ ഈ വിവരങ്ങൾ അറിയുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly